## 4. സഭാതലത്തിൽ വരുന്നതിന് മുമ്പായി ഉത്തരം സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303 പ്രകാരം താഴെപ്പറയുന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്. നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(3) പ്രകാരം 'മന്ത്രിമാർ ചോദ്യങ്ങൾക്ക് സഭയിൽ നൽകുവാനുദ്ദേശിക്കുന്ന മറുപടികൾ യഥാർത്ഥത്തിൽ സഭാതലത്തിൽ നൽകിക്കഴിയുന്നതുവരെയോ മേശപ്പുറത്ത് വയ്ക്കുന്നതുവരെയോ പ്രസിദ്ധീകരണത്തിന് നൽകാൻ പാടില്ലാത്തതാകുന്നു' എന്നാണ് വ്യവസ്ഥ. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 07-06-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച 99-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യം, 'മദ്രസ്സ അദ്ധ്യാപകർക്ക് പൊതുഖജനാവിൽനിന്നും ശമ്പളവും അലവൻസുകളും നൽകുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഇത്തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നതിനെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു' എന്നത് സംബന്ധിച്ച് ഞാനും, അംഗങ്ങളായ സർവ്വശ്രീ. പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, കെ. പി. എ. മജീദ് എന്നിവരും ചോദ്യം ഉന്നയിച്ചിരുന്നു. ഇതിന്റെ മറുപടി കഴിഞ്ഞ ദിവസം ഞാൻ ഈ നോട്ടീസ് നൽകിയതിനുശേഷം നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. എന്നാൽ

ഉത്തരം ലഭിക്കേണ്ട 07-06-2021-ന് മുൻപുതന്നെ ഇതിന്റെ ഉത്തരം ബന്ധപ്പെട്ടവർ തയ്യാറാക്കിയത് സമൂഹമാധ്യമങ്ങളിലൂൾപ്പെടെ പ്രചരിച്ചിരുന്നു. ഇത് സംബന്ധിച്ച പത്രവാർത്തകളും കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് സഭാതലത്തിൽ മറുപടി നൽകാതെ അതിനുമുൻപ് മറ്റ് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ ഇടയായത് ചട്ടം 47(3)-ന്റെ ലംഘനമാണ്. ഇത് സഭയോടുള്ള അനാദരവും എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയുടെ ലംഘനവുമാണ്. ഇത് ആശാസ്യകരമല്ല. ആയതിനാൽ നിയമസഭയ്ക്ക് മുൻപാകെ മറുപടി ലഭ്യമാക്കുന്നതിനുമുൻപ് മറ്റ് മാധ്യമങ്ങളിൽ ഇത്തരത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയായതിനെതിരെ റൂളിംഗ് നൽകുവാൻ താൽപര്യപ്പെടുന്നു.

മി. സ്പീക്കർ: ക്രമപ്രശ്നത്തിനുള്ള മറുപടി ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ധനകാര്യമന്ത്രി പറയുന്നതാണ്.